കടുവാ സങ്കേതങ്ങളുടെ വിവരാധിഷ്ഠിത സാങ്കേതിക വികസനത്തിനായുള്ള ബഡ്ജറ്റ് വിഹിതം

241 (1946) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തെ സംസ്ഥാന ബജറ്റിൽ പെരിയാർ, പറമ്പിക്കുളം കടുവാ സങ്കേതങ്ങളുടെ വിവരാധിഷ്ഠിത സാങ്കേതിക വികസനത്തിനായി ആവിഷ്കരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) ഇതിനായി എത്ര തുക നീക്കിവച്ചിരുന്നു ; ഇതിൽ എത്ര തുക അനുവദിച്ചു ; എത്ര തുക ചെലവഴിച്ചു ; വിശദമാക്കാമോ ;

(സി) പ്രസ്തുത തുക ഉപയോഗിച്ച് നടപ്പാക്കാൻ ഉദ്ദേശിച്ച പ്രവൃത്തികൾ എന്തെല്ലാമായിരുന്നു ; ഇവയിൽ പൂർണ്ണമായും നടപ്പാക്കാതെ അവശേഷിക്കുന്നവ എന്തെല്ലാം ; വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 2014-15 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പെരിയാർ, പറമ്പിക്കുളം കടുവാ സങ്കേതങ്ങളുടെ വിവരാധിഷ്ഠിത സാങ്കേതിക വികസനത്തിനായി ആവിഷ്കരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന പദ്ധതികളുടെ നടത്തിപ്പിനായി 441 ലക്ഷം രൂപ അനുവദിക്കുകയും ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ വഴി നടപ്പിലാക്കുവാൻ അനുമതി നൽകുകയും ചെയ്തിരുന്നു. അനുവദിച്ച തുകയുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

(ബി) മേൽ പദ്ധതികൾക്കായി 10 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ വഴി ടി പദ്ധതികളുടെ നടത്തിപ്പിലേക്കായി 4.41 കോടി രൂപയാണ് അനുവദിച്ചത്. പദ്ധതികളുടെ നടത്തിപ്പിനായി നാളിതുവരെ 100.07 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്.

(സി) നടപ്പാക്കാൻ ഉദ്ദേശിച്ച പ്രവർത്തികൾ താഴെ പറയുന്നു :

1. സംരക്ഷണ പ്രവർത്തനങ്ങളുടെ ശാക്തീകരണം.
2. വാർത്താ വിനിമയ ഉപാധികളുടെ നവീകരണം
3. ടൈഗർ മോണിറ്ററിംഗ് ശാക്തീകരണം.

ടി പ്രവർത്തനങ്ങളെല്ലാം ലഭ്യമായ തുകയ്ക്കനുസരിച്ച് നടപ്പിലാക്കി വരുന്നു.

(ഡി) ഉത്തരം (സി)-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

996/2018

LIBRARY ARCHIVES Kerala Legislative Assembly